# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.105/PR/PIC/PHQ/18 Date : 24.04.2018

## നാടിന്റെ മതേതര പാരമ്പര്യം സംരക്ഷിക്കുന്നതിൽ വിദ്യാർത്ഥികളും പങ്കുവഹിക്കണം - മുഖ്യമന്ത്രി

നാടിന്റെ മതേതര പാരമ്പര്യം സംരക്ഷിക്കുന്നതിൽ സ്റ്റുഡന്റ് പോലീസ് ഉൾപ്പെടെ വിദ്യാർത്ഥി സമൂഹത്തിന് വലിയ പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സ്റ്റുഡന്റ് പോലീസ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നാലാഞ്ചിറയിൽ നടന്നുവരുന്ന സംസ്ഥാനതല സ്റ്റുഡന്റ് പോലീസ് കേഡറ്റ് സമ്മർ ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് പാസിങ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മതേതരത്വം സംരക്ഷിക്കുവാൻ വർഗ്ഗീയതയുടെ അംശംപോലും തീണ്ടാത്ത പ്രവർത്തനം ആവശ്യമുണ്ട്. നാം അഭിമാനിക്കുന്ന പലതിനും വൻതോതിൽ അപകടമുണ്ടാക്കുന്ന ശ്രമങ്ങൾ ഉയർന്നുവരുന്ന സാഹചര്യമാണ് ഉള്ളത്. കൂട്ടായ്മ ശക്തിപ്പെടുത്തി അതിനെ തടയുന്നതിന് സ്റ്റുഡന്റ് പോലീസ് വലിയ പങ്കാണ് വഹിക്കുന്നത്. ഇതുൾപ്പെടെ നാടിന്റെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സ്റ്റുഡന്റ് പോലീസിന് കഴിയുന്നുണ്ട്.

കുട്ടികളിൽ ചെറുതിലേ ശരിയായ സമ്പ്രദായങ്ങളും രീതികളും വാർത്തെടുത്താൽ അത് നല്ല വ്യക്തത്വം രൂപപ്പെടുത്തുവാൻ സഹായിക്കും. മയക്കുമരുന്ന് മാഫിയ പോലുള്ള സാമൂഹ്യ വിരുദ്ധ ശക്തികൾ നമ്മുടെ വിദ്യാലയങ്ങളെ ലക്ഷ്യം വയ്ക്കുന്നുണ്ട്. അതിനെതിരെ ജാഗ്രത വളർത്താൻ സ്റ്റുഡന്റ് പോലീസ് മുന്നിട്ടിറങ്ങണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

574 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നിലവിലുണ്ട്. 100 സ്കൂളുകളിൽ കൂടി അത് നൽകാൻ തീരുമാനിക്കുകയും 71 സ്കൂളുകൾക്ക് നൽകുകയും ചെയ്തു. വിജയകരമായ ഈ പ്രവർത്തനം രാജ്യത്തിന് മാതൃകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. മികച്ച കേഡറ്റുകൾക്കുള്ള ഉപഹാരങ്ങളും മുഖ്യമന്ത്രി വിതരണം ചെയ്തു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, എ.ഡി ജി പിമാരായ ടോമിൻ തച്ചങ്കരി, അനിൽകാന്ത്, ഐ ജി മാരായ മനോജ് എബ്രഹാം, പി വിജയൻ, ഡി ഐ ജി മാരായ ഷെഫിൻ അഹമ്മദ്, സ്പർജൻ കുമാർ, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 600 കുട്ടികളാണ് സംസ്ഥാനതല ക്യാമ്പിൽ

പങ്കെടുത്തത്. എസ്.പി.സി. പദ്ധതിയപ്പെറ്റി മനസ്സിലാക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഉന്നത പോലീസ് ഉദ്യോഗസ്ഥരും ക്യാമ്പിൽ പങ്കെടുത്തിരുന്നു.

******************************************